**സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

(ഹാജർ:ശ്രീമതി.അനുപമ.ടി.വി, സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി(SCPS))

വിഷയം: - സാമൂഹ്യ നീതി വകുപ്പ് - ICPS - NIMHANS – നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷ നൽകുന്നതിനുള്ള സാമൂഹ്യ ഇടപെടൽ പരിപാടി -കാവൽ -രണ്ടാം ഘട്ടം - NIMHANS ന്റെ സഹകരണത്തോടെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം,കോട്ടയം, പത്തനംതിട്ട എന്നീ ആറ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

പരാമർശം:- 1.NIMHANS ൽ നിന്നും ലഭിച്ച 20.10.2016 ലെ പ്രൊപ്പോസൽ

2.20.10.2016 ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 16

3.29.03.2017 ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 46

**ഉത്തരവ് നമ്പർ ICPS-3/028240/16 തീയതി: 16.06.2017**

സംസ്ഥാനത്തുള്ള നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സാമൂഹ്യ അവസ്ഥ മെച്ചപ്പെടുത്തി പുനരധിവസിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയും ബാംഗ്ലൂർ NIMHANS ഉം സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് **കാവൽ**. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 2015 - 2016 വർഷം മുതൽ തിരുവനന്തപുരം, പാലക്കാട് കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിൽ തെരെഞ്ഞെടുക്കപ്പെട്ട ഏഴ് NGO മാർ മുഖാന്തിരം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ആറ് ജില്ലകളിൽ കൂടി വ്യാപിപ്പിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

രണ്ടാംഘട്ട **കാവൽ** പരിപാടി നടപ്പിലാക്കുന്നതിന് 45,71,500/- രൂപയുടെ പ്രൊപ്പോസൽ പരാമർശം ഒന്ന് പ്രകാരം NIMHANS സമർപ്പിച്ചിരുന്നു. ആയത് 20.10.2016 ന് ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയും കമ്മിറ്റി കാവൽ രണ്ടാം ഘട്ടം ആറ് ജില്ലകളിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ഇപ്പോൾ മൂന്ന് ജില്ലകളിൽ നടന്നു കൊണ്ടിരിയ്ക്കുന്ന പ്രോജക്ടിന്റെ അവലോകനം നടത്തിയതിനു ശേഷം ആവശ്യമായ തുക അനുവദിയ്ക്കുന്നതിനും തീരുമാനിച്ചു. അതനുസരിച്ച് 31.12.2016 ന് കാവൽ ഒന്നാം ഘട്ട പദ്ധതി സംബന്ധിച്ച് അവലോകനം നടത്തുകയും പദ്ധതി നടത്തിപ്പ് പരിശോധിയ്ക്കുകയും ചെയ്തു. 29.03.2017 ന് ചേർന്ന ICPS എക്സിക്യൂട്ടീവ് കമ്മിറ്റി & സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി NIMHANS സമർപ്പിച്ചിരുന്ന 45,71,500/- രൂപയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പരാമർശം 3 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മന ശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവ പരിവർത്തനം സാധ്യമാക്കുന്നത് ലക്ഷ്യമാക്കിയുള്ള കാവൽ പദ്ധതിയുടെ രണ്ടാം ഘട്ടം കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ആറ് ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിലേയ്ക്കായി 45,71,500/- രൂപ (നാല്പത്തി അഞ്ച് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) യുടെ NIMHANS സമർപ്പിച്ച

ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകരിച്ചു കൊണ്ടും ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു. ഈ തുക വിനിയോഗിച്ച് താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

1. Capacity building to the stake holders in 11 Districts
2. Capacity building of DMHP Team.
3. Capacity building of Schools of Social Work.
4. NIMHANS Staff & Administration cost

കാവൽ പദ്ധതിയുടെ രണ്ടാം ഘട്ട ചെലവുകൾ സംബന്ധിച്ച പരിശോധനകൾക്കായി SCPS ലെ പ്രോഗ്രാം മാനേജർ, അക്കൗണ്ടന്റ് ഓഫീസർ, പ്രോഗ്രാം ഓഫീസർ, കാവൽ പദ്ധതിയുടെ നോഡൽ ഓഫീസർ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ചും ഉത്തരവാകുന്നു

NGO കളുടെ ഇടപെടലുകൾക്കുള്ള തുക മേൽപ്പറഞ്ഞ 45,71,500/- രൂപയിൽ ഉൾപ്പെടുന്നില്ല. ആയതിനുള്ള പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് പരിഗണിയ്ക്കുന്നതാണ്.

ഇതിനാവശ്യമായ തുക 45,71,500/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്. ന്റെ ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതമായി വഹിയ്ക്കുന്നതാണ്.

NIMHANS സാമൂഹ്യ നീതി ഡയറക്ടറുമായി MOU വിൽ ഏർപ്പെടേണ്ടതാണ്..

(ഒപ്പ്)

**സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)**

NIMHANS, ബാംഗ്ലൂർ

പകർപ്പ്:

1. കെ.കെ.സുബൈർ, നോഡൽ ഓഫീസർ,കാവൽ പദ്ധതി
2. ജില്ലാ ശിശു സംരക്ഷണ ഓഫീസർ
(കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട)
3. ICPS– 4
4. സ്റ്റോക്ക് ഫയൽ

ഉത്ത രവിൻപ്രകാരം

[signature]

പ്രോഗ്രാം മാനേജർ